**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 276** **12-03-2025 - ൽ മറുപടിയ്ക്ക്**

**കാബ്കോ കമ്പനിയിലെ ഓഹരി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി രൂപീകരിച്ച കാബ്കോ (കേരള അഗ്രോ ബിസിനസ്സ് കമ്പനി)യുടെ ഓഹരി നബാർഡ് എടുക്കുന്നതിന് ധാരണയായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | നബാർഡുമായി ഉന്നതതലത്തിൽ നടന്ന ചർച്ചയിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾക്കായി കാബ്കോ മാറ്റിവച്ചിരിക്കുന്ന ഓഹരി വിഹിതത്തിൽ ഒരു പങ്ക് NABARD ഏറ്റെടുക്കാൻ സന്നദ്ധത അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി, Companies Act-ന്റെ സെക്ഷൻ 42 പ്രകാരം, private placement മുഖേന നബാർഡിന് ഓഹരി നൽകുവാൻ തത്വത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | കമ്പനിയിൽ സർക്കാരിന്റെ ഓഹരി വിഹിതം എത്രയുണ്ടെന്ന് വ്യക്തമാക്കാമോ; വ്യക്തിഗത കൃഷിക്കാർക്കും കർഷക കൂട്ടായ്മകൾക്കും ഓഹരി ലഭ്യമാണോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കമ്പനിയിൽ സർക്കാരിന്റെ ഓഹരി നിലവിൽ 33% ആണ്. 24.09.2024 ലെ സ.ഉ(കൈ)നം. 95/2024/കൃഷി പ്രകാരം കേരള അഗ്രോ ബിസിനസ് കമ്പനിയുടെ ഷെയർഹോൾഡിംഗ് പാറ്റേൺ ചുവടെ പറയും പ്രകാരമാണ്. |

| ഓഹരി ഉടമകളുടെ വിഭാഗം | ഓഹരി വിഹിതം (%) |
|---|---|
| കേരള സർക്കാർ | 33 |
| വ്യക്തിഗത കർഷകർ | 20 |
| ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളും ഫാർമർ കോ-ഓപ്പറേറ്റീവ് ഉൾപ്പെടെയുള്ള കർഷക കൂട്ടായ്മ | 22 |
| പൊതു ജനങ്ങൾ | 10 |
| പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾ | 15 |

| | | | |
|---|---|---|---|
| (സി) | കാബ്കോയുമായി നബാർഡിനെ സഹകരിപ്പിക്കുന്നതിലൂടെ കാർഷികോല്പന്ന വിപണന രംഗത്ത് പൊതുവായി എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ? | (സി) | കേരള അഗ്രോ ബിസിനസ് കമ്പനിയിൽ (KABCO) നബാർഡ് ഓഹരി പങ്കാളി ആകുന്നതോടെ താഴെ പറയുന്ന നേട്ടങ്ങൾ പ്രതീക്ഷിക്കുന്നു.<br><br>1. നബാർഡിന്റെ സാമ്പത്തിക ശക്തിയും അനുഭവപരിചയവും KABCO-യെ മൂല്യവർധിത കാർഷിക പദ്ധതികൾക്ക് ധനസഹായവും മാർഗ്ഗനിർദ്ദേശവും നൽകുന്നതിന് പര്യാപ്തമാക്കും.<br><br>2. നബാർഡിന്റെ പങ്കാളിത്തം KABCO-യുടെ വിശ്വാസ്യത വർദ്ധിപ്പിക്കുകയും കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിന് സഹായകരമാകുകയും ചെയ്യും.<br><br>3. കൃഷിയിലും ഗ്രാമവികസനത്തിലും നബാർഡിനുള്ള വൈദഗ്ധ്യം KABCOയ്ക്ക് മികച്ച വിപണി അവസരങ്ങൾ നേടിത്തരികയും തദ്വാരാ കാർഷിക മേഖലയുടെ വളർച്ചയ്ക്കും സുസ്ഥിരതയ്ക്കും ശക്തമായ പിന്തുണ നൽകുകയും ചെയ്യും.<br><br>4. KABCO യുടെ പ്രവർത്തനത്തിൽ കാർഷിക ഉല്പാദന സംഘടനകളുടെ(FPO) പങ്കാളിത്തം പ്രമുഖമാണ്. കൂടുതൽ FPO കളെ കമ്പനിയുമായി സഹകരിപ്പിക്കുവാൻ NABARDന്റെ പങ്കാളിത്തം സഹായകരമാകും. |

സെക്ഷൻ ഓഫീസർ